**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** **02-02-2026 - ൽ മറുപടിയ്ക്ക്**

**പാലാ നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്ഥലങ്ങളിലെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജകമണ്ഡലത്തിന് കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ റോഡ് കട്ടിംഗ് അനുമതികൾ ലഭിക്കുന്നതിലെ കാലതാമസം പ്രധാന വെല്ലുവിളിയാണ്. കൂടാതെ, ശബരിമല തീർത്ഥാടന കാലവും മൺസൂൺ നിരോധനവും കാരണം PWD റോഡുകളിലെ പ്രവൃത്തികൾ വർഷത്തിൽ ആറുമാസം മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. പദ്ധതി പ്രദേശത്തെ മിക്ക പഞ്ചായത്തുകളും ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളായതിനാലും, കനത്ത മഴയും കാലാവസ്ഥാ വ്യതിയാനവും പ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്നതിനാലും നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. എന്നിരുന്നാലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ജന പ്രതിനിധികളുടെയും ഇതര സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തത്തോടെ അവലോകന യോഗങ്ങൾ ചേർന്ന് പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുകയും പദ്ധതി മുൻപോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി ബഹു MP, ബഹു MLA, ജില്ലാ കളക്ടർ, പഞ്ചായത്ത് അധികൃതർ എന്നിവരുടെ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ യോഗം ചേരാറുണ്ട്. കൂടാതെ സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണത്തിലെ തടസങ്ങൾ പരിഹരിച്ചും പ്രവർത്തികൾ മുൻപോട്ട് പോകുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ 2026 ഡിസംബറോടെ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ട് പോകുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ, നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് മലങ്കര- മീനച്ചിൽ കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നല്കാൻ കഴിയും.

2022 സെപ്റ്റംബറിൽ ഭരണാനുമതി ലഭിച്ച് 2023 ഒക്ടോബർ 21 ന ഉത്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച മുട്ടം വില്ലേജിലെ വള്ളിപ്പാറക്കു സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച് ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്തു കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച ടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. 15 പാക്കേജുകളായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പാക്കേജ് -1 &2 പൊതു നിർമ്മാണ വിതരണ ഘടകങ്ങളുടെ പ്രവൃത്തിയാണ്.

**പാക്കേജ് -1 ഫ്ലോട്ടിങ് പമ്പ് ഹൗസ്; 18 ലക്ഷം ശേഷിയുള്ള ടാങ്കും ബൂസ്റ്റിംഗ് സ്റ്റേഷനും വള്ളിപ്പാറയിൽ, റോ വാട്ടർ പമ്പിങ് മെയിൻ മുതലായവയുടെ പ്രവൃത്തി.**

2750 മീ പൈപ്പ് (1000mm DI) സപ്ലൈ ചെയ്തു, 1.65 കി മീ പൈപ്പ് സ്ഥാപിച്ചു. ഫ്ലോട്ടിങ് പമ്പ് ഹൗസ്, ബൂസ്റ്റർ പമ്പ് ഹൗസ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ഇവയുടെ ഡിസൈനുകൾക്ക് അംഗീകാരം ലഭിച്ചു., Booster pump house earthwork പൂർത്തികരിച്ചു, പൈപ്പ് ലൈൻ ബ്രിഡ്ജ് (1) ഡിസൈൻ ഡ്രോയിങ് അംഗീകാരം ലഭിച്ചു. പൈപ്പ് ലൈൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. റോഡ് പുനരുദ്ധാരണം ആരംഭിച്ചു. ഫ്ലോട്ടിങ് പമ്പ് ഹൗസ്, ബൂസ്റ്റർ പമ്പ് ഹൗസ് എന്നിവടങ്ങളിലേയ്ക്ക് ഇൻഡിപെൻഡെന്റ് ഫീഡർ ലൈൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി 4.27 കോടി രൂപയുടെ ഡിമാൻഡ് നോട്ടീസ് ലഭിച്ചു. ആയത് ടി തുക അനുവദിക്കുന്നതിനായി കേന്ദ്ര കാര്യാലയത്തിലേക്ക് കത്ത് നല്കിയിട്ടുണ്ട്. നിലവിൽ പാക്കേജ് 1, 13% ജോലി പൂർത്തീകരിച്ചിട്ടുണ്ട്

**പാക്കേജ് -2** : 45 എംഎൽഡി ജല ശുദ്ധീകരണ ശാല, അനുബന്ധ ഘടകങ്ങൾ, 700 എംഎം ഗ്രാവിറ്റി മെയിൻ മുതലായവ ഉൾപ്പെടുന്ന പ്രവൃത്തി

നീലൂരിൽ നിർമാണം പുരോഗമിക്കുന്ന ശുദ്ധീകരണ ശാലയിലെ., റിസർവോയർ 1 (31 ദശലക്ഷം ലിറ്റർ) റിസർവോയർ 2 (23 ദശലക്ഷം ലിറ്റർ) പൂർത്തീകരിച്ചു, പമ്പ് ഹൗസിന്റെ പണികൾ പുരോഗമിക്കുന്നു. റീസൈക്ലിങ് ടാങ്ക് പൂർത്തീകരിച്ചു, ക്ലാരിഫൈർ 1 & 2 റാഫ്റ്റ് സ്ലാബിന്റെ പണികൾ പൂർത്തീകരിച്ചു., സൈഡ് വാൾ പ്രവർത്തികൾ പുരോഗമിക്കുന്നു. ഫ്ലോകുലേറ്റർ പ്രവർത്തികൾ പുരോഗമിക്കുന്നു., റോ വാട്ടർ ചാനൽ - 8 columns പൂർത്തീകരിച്ചു. 1000 mm DI, 700mm DI ഗ്രാവിറ്റിമെയിൻ 13.303 കിമീ സപ്ലൈ ചെയ്തു, 4.51 കിമീ സ്ഥാപിച്ചു. ചില്ലാച്ചി കടവ് (കുളത്തുകടവ്), ഞണ്ടു കല്ല് പൈപ്പ് ലൈൻ ബ്രിഡ്ജ് (1) ഡിസൈൻ ഡ്രോയിങ് അംഗീകാരം ലഭിച്ചു. നിലവിൽ പാക്കേജ് 2,29% ജോലി പൂർത്തീകരിച്ചിട്ടുണ്ട്

**പാക്കേജ് 3- കടനാട് പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 14 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 5 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച വിതരണം ചെയ്യുകയും ചെയ്യുന്നു. 3631 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ്

ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 166.84 km പൈപ്പ് ലൈനിൽ 152.11 കി.മീ സപ്ലൈ ചെയ്തു. 70.3 km ദൂരം പൂർത്തിയായി. ഞള്ളിക്കുന്നു ( GLSR- 2 LL), കണ്ടത്തിമാവ് (GLSR - 2.5 LL) , OHSR @WTP -2 LL കാവുംകണ്ടം (BP-0.7 LL, GLSR+OHSR 3+3 LL) എന്നീ ടാങ്കുകളുടെ ഡിസൈൻ അംഗീകാരം ലഭിച്ചു. നിലവിൽ ഈ പാക്കേജിന്റെ_31% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

**പാക്കേജ് 4-രാമപുരം പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 18 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 8 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 7161 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 310 km പൈപ്പ് ലൈനിൽ 215 കിമീ സപ്ലൈ ചെയ്തു 162 കിമീ ദൂരം പൂർത്തിയായി. നാലു ജലസംഭരണികളുടെ ഡിസൈൻ അംഗീകാരം ലഭിച്ചു. നിലവിൽ ഈ പാക്കേജിന്റെ 25% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

**പാക്കേജ് 5- ഭരണങ്ങാനം പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 4 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 1874 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 134.92 km പൈപ്പ് ലൈനിൽ 63 കി.മീ സപ്ലൈ ചെയ്തു. 44.12 km ദൂരം പൂർത്തിയായി. നിലവിൽ 29% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. കയൂർ ഉന്നത തല ജലസംഭരണി യുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**പാക്കേജ് 6-മേലുകാവ് പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 14 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു. 3568 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ ടി പഞ്ചായത്തിലെ പ്രവൃത്തിയുടെ കരാർ ഒപ്പ് വച്ചു എങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**പാക്കേജ് 7-മൂന്നിലവ് പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്തു ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 29 ചെറിയ ജലസംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു.

2605 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 169.69 km പൈപ്പ് ലൈനിൽ 8 km ദൂരം പൂർത്തിയായി. നിലവിൽ 4% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

**പാക്കേജ് 8-തലനാട് പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പൂഞ്ഞാർ -തെക്കേക്കര പഞ്ചായത്തിലെ വെട്ടിപ്പറമ്പിൽ സ്ഥാപിക്കുന്ന 25 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയിൽ എത്തിച്ച് അവിടെ നിന്നും പമ്പ് ചെയ്ത് ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 20 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. 3121 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 169.67 km പൈപ്പ് ലൈനിൽ 11 km ദൂരം പൂർത്തിയായി. നിലവിൽ 8% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

**പാക്കേജ് 11 - മീനച്ചിൽ പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പ് ചെയ്ത് ടി പഞ്ചായത്തിലെ 13 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 3 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. 1968 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം റോഡ് ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ ടി പഞ്ചായത്തിലെ പ്രവൃത്തിയുടെ കരാർ ഒപ്പ് വച്ചു എങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**പാക്കേജ് 13 - തലപ്പലം പഞ്ചായത്ത്**

നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ ഉള്ള ജലസംഭരണിയിൽ നിന്നും ശുദ്ധീകരിച്ച ജലം ഭരണങ്ങാനം പഞ്ചായത്തിലെ കയൂർ ടാങ്കിൽ എത്തിച്ച് അവിടെ നിന്നും പമ്പ് ചെയ്ത് ടി പഞ്ചായത്തിലെ 2 വാർഡുകൾക്കുവേണ്ടി സ്ഥാപിക്കുന്ന 2 ചെറിയ ജല സംഭരണികളിൽ എത്തിക്കുകയും അവിടെ നിന്നും വിവിധ വ്യാസത്തിലുള്ള വിതരണ കുഴലുകൾ സ്ഥാപിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. 597 ഹൗസ് കണക്ഷനുകൾ നല്കുന്ന ജോലിയും ഹൗസ് കണക്ഷനുകൾ നൽകിയതിന് ശേഷം ടാർ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകളുടെ പുനർനിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ആകെ സ്ഥാപിക്കേണ്ട 14.12 km പൈപ്പ് ലൈനിൽ ആകെ 20.75 കി.മീ സപ്ലൈ ചെയ്തു. 9.95 km ദൂരം പൂർത്തിയായി. പേരുപ്പാറ 3.7 LL OHSR പൂർത്തീകരിച്ചു അതിരുപറ 4 LL OHSR ന്റെ ഡ്രോയിങ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. നിലവിൽ 33% ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൽ മീനച്ചിൽ നദി സ്രോതസ്സായി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയാണ് കരൂർ കുടിവെള്ള പദ്ധതി. 71.39 കോടി രൂപ ഭരണാനുമതി ലഭിച്ച ടി പദ്ധതിയുടെ (AS No. 489/2021/WRD, dated. 18/09/2021- 56.59 കോടി & AS No.897/2023/WRD dated. 26/10/2023 – 14.80 കോടി) പ്രവർത്തികൾ 8 പാക്കേജുകളായി വിഭജിച്ചിരിക്കുന്നു. ആയതിൽ പാക്കേജ് 6 നിലവിൽ

ടെൻഡർ ഘട്ടത്തിലാണ്. ബാക്കി പാക്കേജുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയിൽ 198.7 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 50 കി മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു. 5644 കുടിവെള്ള കണക്ഷനുകൾ നൽകേണ്ടതിൽ 623 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികളിൽ നിലവിൽ 6 കി മി പഞ്ചായത്ത് റോഡ് പുനഃസ്ഥാപനം പൂർത്തിയായിട്ടുണ്ട്. 5 LL ശേഷിയുമുള്ള ജലസംഭരണിയുടെയും 6 LL ശേഷിയുമുള്ള ജലസംഭരണിയുടെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

മീനച്ചിലാറിന്റെ തീരത്ത് കടപ്പാട്ടൂർ എന്ന സ്ഥലത്ത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള വെൽ കം പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന ജലം വലവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രതിദിനം 6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച് സെന്റ് തോമസ് മൗണ്ട് (0.85 ലക്ഷം ലിറ്റർ), നെല്ലിയാനി (1.8 ലക്ഷം ലിറ്റർ) എന്നിവിടിങ്ങളിൽ നിലവിലുള്ള ഭൂതല ജലസംഭരണികളിലും, IIIT ക്യാമ്പസ് (5 ലക്ഷം ലിറ്റർ), വലവൂർ (6 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലസംഭരണികളിലും കുടിവെള്ളം എത്തിച്ച് 191.69 കി.മീ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് 5644 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽക്കൂടി ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

- ഭരണാനുമതിതുക - 71.39 കോടി
- നൽകുവാൻ ഉദ്ദേശിക്കുന്ന കണക്ഷനുകൾ - 5644
- ജല ശുദ്ധീകരണശാല - 6 ദശ ലക്ഷം ലിറ്റർ
- ജല സംഭരണികൾ - 2 എണ്ണം (5 ലക്ഷം ലിറ്റർ, 6 ലക്ഷം ലിറ്റർ)
- നിലവിലുള്ള ജല സംഭരണികൾ - 2 എണ്ണം (0.85 ലക്ഷം ലിറ്റർ, 1.8 ലക്ഷം ലിറ്റർ)
- ട്രാൻസ്മിഷൻ/പമ്പിംഗ് ലൈനുകൾ -6.24 കി.മീ
- വിതരണ ശൃംഖല - 175.45 കി.മീ
- പാക്കേജുകൾ - 8 എണ്ണം

➢ <u>പാക്കേജ് **1-** കരൂർ ഗ്രാമപഞ്ചായത്തിലെ വലവൂരിൽ സ്ഥാപിക്കുന്ന **6 MLD** ജല ശുദ്ധീകരണ ശാല</u>

സാങ്കേതിക അനുമതി തുക -1634 ലക്ഷം, തീയതി-19/07/2023
കോൺട്രാക്ടർ - ജോസഫ് ജോൺ
<u>പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ</u>
കരൂർ പഞ്ചായത്തിൽ വലവൂരിൽ 6 ദശലക്ഷം ലിറ്റർ ജല ശുദ്ധീകരണ ശാല, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, 17.03 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 2863 കണക്ഷനുകൾ തുടങ്ങിയവ.

<u>നിലവിലെ സ്ഥിതി-</u> വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ശുദ്ധീകരണ ശാലയുടെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് soil investigation പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹൈഡ്രോളിക് ഫ്ലോ ഡയഗ്രം WASCON -ൽ നിന്നും അംഗീകാരം ലഭിച്ചു. ജലശുദ്ധീകരണശാലയുടെ ബാക്കി നിർമാണ ഘടകങ്ങളുടെ ഡിസൈൻ വർക്കുകൾ പുരോഗമിക്കുന്നു. 17.178 കിലോമീറ്ററിൽ 13.48 പൈപ്പുകൾ സപ്ലൈ ചെയ്ത് 4.5 കി, മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 6.7 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. പ്രവൃത്തികൾ പുരോഗമിക്കുന്നു.

➢ <u>പാക്കേജ് **2 -** കരൂർ പഞ്ചായത്തിൽ നെല്ലിയാനി ടാങ്കിൽ നിന്നും ജല വിതരണ ശൃംഖലയും,</u>

കണക്ഷനുകളും

സാങ്കേതിക അനുമതി തുക- 591 ലക്ഷം, തീയതി -11/07/2023
കോൺട്രാക്ടർ - Vanguard Constructions

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ നെല്ലിയാനിയിൽ 21.97 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുകയും, 671 കണക്ഷനുകൾ നൽകുകയും, 3.677 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും , 2 പമ്പ്സെറ്റുകൾ തുടങ്ങിയവ.

നിലവിലെ സ്ഥിതി- വർക്ക് അവാർഡ് ചെയ്തു, എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 25.65 കിലോമീറ്ററിൽ 21.9 കി,മീ പൈപ്പുകൾ സപ്ലൈ ചെയ്ത് 15.8 കി. മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 6.2 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. 671 കണക്ഷനുകളിൽ 248 HTCs നല്കിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

- പാക്കേജ് **3** - കരൂർ പഞ്ചായത്തിലെ സെന്റ് തോമസ് മൗണ്ട് ടാങ്കിൽ നിന്നും ജല വിതരണ ശൃംഖലയും, കണക്ഷനുകളും.

സാങ്കേതിക അനുമതി തുക - 322 ലക്ഷം, തീയതി -11/07/2023

കോൺട്രാക്ടർ - K .S രാഘവമേനോൻ

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ സെന്റ് തോമസ് മൗണ്ടിൽ നിന്നും 10.62 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക 384 കണക്ഷനുകൾ, 1.482 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ തുടങ്ങിയവ

നിലവിലെ സ്ഥിതി- **വർക്ക്** അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 12.09 കിലോമീറ്ററിൽ 10.17 പൈപ്പുകൾ സപ്ലൈ ചെയ്ത് 10.17 കി. മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 1.55 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. 250 കണക്ഷനുകളിൽ 384 HTCs നല്കിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

- പാക്കേജ് **4** - കരൂർ പഞ്ചായത്തിലെ **IIIT** ക്ക് സമീപം ജല സംഭരണിയും, ജല വിതരണ ശൃംഖലയും, കണക്ഷനുകളും

സാങ്കേതിക അനുമതി തുക- 1327 ലക്ഷം, തീയതി -15/07/2023
കോൺട്രാക്ടർ - ഷോണി പി ജേക്കബ്
പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ IIIT ക്യാമ്പസിൽ 5 ലക്ഷം ലിറ്റർ ജല സംഭരണി, 53.012 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 863 കണക്ഷനുകൾ, 1.4 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ തുടങ്ങിയവ

നിലവിലെ സ്ഥിതി - വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 54.410 കി.മീ പൈപ്പുകളിൽ 24.6 കി. മീ പൈപ്പുകൾ സപ്ലൈ ചെയ്ത് 5 കി. മീ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 21.46 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. ജല സംഭരണിയുടെ നിർമ്മാണത്തിനാവശ്യമായ 10 സെന്റ് സ്ഥലം IIIT ക്യാമ്പസിൽ ലഭിക്കുകയും, IIIT, KSITIL, KWA എന്നിവർ സംയുക്ത കരാറിൽ ഏർപ്പെട്ട് സ്ഥലം ഏറ്റെടുത്തിരുന്നു. എന്നാൽ IIIT ക്യാമ്പസിൽ CPWD യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്രൊപ്പോസ്ഡ് ടാങ്ക് സൈറ്റിലേക്ക് പ്രവേശിക്കുവാൻ കഴിയാത്തതുമൂലം ടാങ്കിന്റെ നിർമ്മാണപ്രവർത്തനങ്ങളെ ഇത് ബാധിക്കുകയും ചെയ്തു. തുടർന്ന് CPWD യും IIIT യും ചേർന്ന് നടത്തിയ യോഗത്തിൽ alternate route നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പുതിയ സ്ഥലത്ത് site clearance നടത്തുകയും, soil investigation പ്രവർത്തനങ്ങൾ 25/11/2024 -ാം തീയതി പൂർത്തീകരിക്കുകയും ചെയ്തു. ഡിസൈൻ, ഡ്രോയിങ്ങ് WASCON -ൽ നിന്നും അംഗീകാരം ലഭിക്കുകയും ചെയ്തു.

- പാക്കേജ് 5- കരൂർ പഞ്ചായത്തിലെ വലവൂരിൽ ജല സംഭരണിയും, ജല വിതരണ ശൃംഖലയും, കണക്ഷനുകളും

സാങ്കേതിക അനുമതി തുക - 600 ലക്ഷം, തീയതി -10/07/2023

കോൺട്രാക്ടർ - Reena Constructions

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ വലവൂരിന് സമീപം 6 ലക്ഷം ലിറ്റർ ജല സംഭരണി, 13.911 കി.മീ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുക, 863 കണക്ഷനുകൾ, 2 കി.മീ ദൂരത്തിൽ പമ്പിംഗ് മെയിൻ തുടങ്ങിയവ

നിലവിലെ സ്ഥിതി- **വർക്ക്** അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 15.84 കി.മീ. പൈപ്പുകളിൽ 13.72 പൈപ്പുകൾ സപ്ലൈ ചെയ്ത് 7 കി. മീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 7.5 കി മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല. 863 കണക്ഷനുകളിൽ 125 HTCs നല്കിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് site clearance നടത്തുകയും, soil investigation പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. WASCON ഡിസൈൻ അംഗീകരിച്ച് പ്രവൃത്തികൾ ആരംഭിച്ചു. ടാങ്ക് സൈറ്റ് ക്ലിയറൻസിന്റെ ഭാഗമായി പാറ പൊട്ടിക്കൽ പ്രവൃത്തികൾ നടന്നു വരുന്നു.

- പാക്കേജ് 6- മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ്സ്റ്റേഷൻ കം ഓപ്പറേറ്റേഴ്സ് റൂം, പമ്പിംഗ് മെയിനും അനുബന്ധ പ്രവൃത്തികളും

സാങ്കേതിക അനുമതി തുക- 904 ലക്ഷം, തീയതി -15/07/2023

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

മീനച്ചിൽ നദിയിൽ കടപ്പാട്ടൂരിൽ സബ്സ്റ്റേഷൻ കം ഓപ്പറേറ്റേഴ്സ് റൂം, പമ്പ് സെറ്റുകൾ, 7.01 കി.മീ ദൂരത്തിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കുക തുടങ്ങിയവ

നിലവിലെ സ്ഥിതി- **മൂന്നാമത്തെ** റീടെൻഡറിൽ 35 % കൂടുതലായി സിംഗിൾ ഓഫർ ലഭ്യമായിട്ടുണ്ട്. ആയതിന്റെ അംഗീകാരത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- പാക്കേജ് 7 - കരൂർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം

സാങ്കേതിക അനുമതി തുക – 380.7 ലക്ഷം, തീയതി -26/10/2023

കോൺട്രാക്ടർ - ഏലിയാസ് ചെറിയാൻ

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ 23.9 കി.മീ ദൂരത്തിൽ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി.

നിലവിലെ സ്ഥിതി - വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. 6 കി മീ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

- പാക്കേജ് 8- കരൂർ പഞ്ചായത്തിലെ ശേഷിക്കുന്ന ജല വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി

സാങ്കേതിക അനുമതി തുക – 1039.3 ലക്ഷം, തീയതി -26/10/2023

കോൺട്രാക്ടർ - പി എം സണ്ണി

പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ

കരൂർ പഞ്ചായത്തിൽ 66. 42 കി.മീ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി

നിലവിലെ സ്ഥിതി- **വർക്ക്** അവാർഡ് ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 66.42 കി.മീ പൈപ്പുകളിൽ 14.8 സപ്ലൈ ചെയ്ത് 7 കി. മീ. പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട 21 കി.മീ PWD റോഡുകളിൽ കട്ടിങ് അനുമതി ലഭിച്ചിട്ടില്ല . പ്രവൃത്തികൾ

പുരോഗമിക്കുന്നു.

<u>എലിക്കുളം പഞ്ചായത്ത്</u>

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എലിക്കുളം പഞ്ചായത്തിലെ പ്രവർത്തികൾ

146 കിലോമീറ്റർ വിതരണ ശൃംഖല 7000 വാട്ടർ കണക്ഷനുകളും അടങ്ങുന്ന പ്രവർത്തി. ടി പ്രവർത്തിയിൽ 15.5 km റോഡിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് പ്രവർത്തി പൂർത്തീകരിക്കുന്നതാണ്. 2723 HTC കണക്ഷനുകൾ ഇതിനോടകം തന്നെ നല്കീട്ടുണ്ട്.

1. തമ്പലക്കാട് ടാങ്കിൽ നിന്നും പൈക വരെയുള്ള റൈഡർ ലൈൻ (7.5 km) സ്ഥാപിക്കുന്ന പ്രവർത്തി . ടി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.
2. എലിക്കുളം പഞ്ചായത്തിൽ വഞ്ചിമലയിൽ 1 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി,1700 m പമ്പിംഗ് ലൈൻ, 6 km വിതരണ ശൃംഖല എന്നിവ ഉൾപ്പെടുന്ന പ്രവർത്തി. ഇതിനോടകം തന്നെ ജല സംഭരണി, പമ്പിംഗ് ലൈൻ,പമ്പ് ഹൗസ്, 298 HTC എന്നിവയുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ച പ്രവർത്തികൾ പൂർത്തീകരിക്കുവാനുണ്ട്.
3. 650 m (150 mm GI pipe) സ്ഥാപിച്ച് Interconnection നടത്തുന്ന പ്രവർത്തി. ടി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ടി പ്രവർത്തികളിൽ ആയി എലിക്കുളം പഞ്ചായത്തിൽ ആകെ 3021 HTC കണക്ഷനുകൾ നൽകിയിട്ടുണ്ട്.